MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985
NAAC GRADE A++

# വാർത്താക്കുറിപ്പ്

**2026 സെപ്റ്റംബർ 30**

## എടവണ്ണ ഗ്രാമപഞ്ചായത്ത് വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കും

*ലോക വയോജനദിനമായ ഒക്ടോബർ ഒന്നിന് മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിനെ വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കും. മഹാത്മാഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റി ഓഫ് തേർഡ് ഏജിന്റെ (എംജിയു3എ) നേതൃത്വത്തിലാണ് പ്രഖ്യാപനവും തേർഡ് ഏജ് സംഗമവും നടക്കുന്നത്. എടവണ്ണ ചെമ്പക്കുത്ത് ടി.പി. റോയൽ പ്ലാസ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടി ആഭ്യന്തര വകുപ്പ് മന്ത്രി രമേഷ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. പൊതുമരാമത്ത് വകുപ്പ് മന്ത്രി  പി. കെ. ബഷീർ അധ്യക്ഷത വഹിക്കും.*

*എടവണ്ണ ഗ്രാമപഞ്ചായത്തിലെ 24 വാർഡുകളിലായി 48 എംജിയു3എ യൂണിറ്റുകൾ രൂപീകരിക്കുകയും, ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ അംഗങ്ങൾക്കായി പ്രത്യേക ശിൽപശാലകൾ സംഘടിപ്പിക്കുകയും ചെയ്തു. മെമ്മറി വ്യായാമങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയിലൂടെ അംഗങ്ങളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്താൻ നിരന്തരമായ ഇടപെടലുകൾ നടത്തി. യൂണിറ്റുകൾ മാസത്തിൽ രണ്ട് തവണ യോഗം ചേരുന്നുണ്ട്. നൈസർഗികമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദികൾ ഒരുക്കയും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന അംഗങ്ങളെ പ്രത്യേകം അനുമോദിക്കുകയും ചെയ്തുവരുന്നു. എംജിയു3എ അംഗം വിജയലക്ഷ്മിയുടെ കവിതാസമാഹാരം പരിപാടിയിൽ വെച്ച് പ്രകാശനം ചെയ്യും.*

*സമൂഹത്തിൽ വയോജനങ്ങളുടെ ക്രിയാത്മക ഇടപെടൽ ഉറപ്പാക്കുന്നതിനായി അഗോള തലത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് 'യൂണിവേഴ്സിറ്റി ഓഫ് ദ തേർഡ് ഏജ്' (യു3എ). ഇന്ത്യയിൽ ആദ്യമായി ഈ പരിപാടി നടപ്പാക്കിയത് മഹാത്മാഗാന്ധി സർവകലാശാലയാണ്. സർവകലാശാല വികസിപ്പിച്ച 'തീം-സെന്റേർഡ് ഇന്ററാക്ഷൻ' എന്ന വികസന മനഃശാസ്ത്ര സമീപനത്തെ അടിസ്ഥാനമാക്കിയാണ് എംജിയു3എ-യുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. വയോജനങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിനൊപ്പം അവരുടെ അനുഭവസമ്പത്തും കഴിവുകളും സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.*

*സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജബ്ബാർ ഹാജി, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ആയിഷ, എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മുനീറ സമദ്, സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, എംജിയുദഎ ഡയറക്ടർ ഡോ. ടോണി കെ. തോമസ്, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും.*

*പി.ആർ.ഒ/877/2026*

## പാലിയേറ്റീവ്, ജി.ഡി.എ. കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

*മഹാത്മാഗാന്ധി സർവകലാശാലാ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ പാലിയേറ്റീവ് പരിചരണ ഡിപ്ലോമ, ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് കോഴ്സുകളുടെ പുതിയ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രീഡിഗ്രി/പ്ലസ് ടു യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. ഓൺലൈൻ/ഓഫ് ലൈൻ ക്ലാസുകളും ആശുപത്രി പരിശീലനവും പ്ലേസ്മെൻറ് സഹായവും ലഭ്യമാണ്. ജനറൽ ഡ്യൂട്ടി അസിസ്റ്റൻറ് ക്ലാസുകൾ ഒക്ടോബർ 15-ന് ആരംഭിക്കും. ഇ മെയിൽ:* iucdsmgu@mgu.ac.in, *ഫോൺ: 8891391580, 9946299965, 8547165178.*

*പി.ആർ.ഒ/878/2026*

## പ്രൈവറ്റ് രജിസ്ട്രേഷൻ പുനർമൂല്യനിർണയം

*യു ജി പ്രൈവറ്റ് രജിസ്ട്രേഷൻ (2022 അഡ്മിഷൻ) അന്തിമ റാങ്ക് /പൊസിഷൻ തയ്യാറാക്കുന്നതിനായി ഒന്ന് മുതൽ ആറു വരെ സെമസ്റ്ററുകളിൽ പുനർമൂല്യനിർണയം നടത്തിയ മാർക്കുകൾ കൂട്ടിച്ചേർക്കാത്ത വിദ്യാർത്ഥികൾ പുനർമൂല്യനിർണയ മാർക്കുകൾ കൂട്ടിച്ചേർക്കുവാനായി ഒക്ടോബർ 29 നു മുൻപ് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അതിനുശേഷം സമർപ്പിക്കുന്ന അപേക്ഷകൾ അന്തിമ റാങ്ക് /പൊസിഷൻ തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതല്ല.*

*പി.ആർ.ഒ/879/2026*

പബ്ലിക് റിലേഷൻസ് ഓഫീസർ